compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

# കേരള ഗസറ്റ്
# KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2024 ഡിസംബർ 24
**Tuesday, 24th December 2024**

1200 ധനു 9
**9th Dhanu 1200**

1946 പൌഷം 3
**3rd Pousha 1946**

വാല്യം 13
**Vol. XIII**

നമ്പർ
**No.** 52

## Part III

# Dairy Development Department

©
കേരള സർക്കാർ
GOVERNMENT OF KERALA
2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ക്ഷീര വികസന വകുപ്പ് ,കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ നടപടികൾ**

**(ഹാജർ: ശ്രീമതി. സുരേഖ നായർ, പെൻ:612042)**

നമ്പർ: DDKZD/414/2022-C C കോഴിക്കോട്,05.12.2024

വിഷയം :- ക്ഷീര വികസന വകുപ്പ്- കോഴിക്കോട് ജില്ല-ഉണേരി ബ്ലോക്ക്- പരപ്പപാറ ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി 262 (ഡി) ആപ്കോസ് സമാപ്തീകരിക്കുന്നതിന് കേരള സഹകരണ നിയമം വകുപ്പ് 72(1) പ്രകാരം ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം :- 1) ഈ ഓഫീസിലെ 04.12.2023 ലെ DDKZD/414/2022-C C നമ്പർ ഉത്തരവ്.

2) മേലടി ഡയറി ഫാം ഇൻസ്ട്രക്ടറുടെ 01.03.2024 ലെ DESU- KZD0PYO/156/2023-C നമ്പർ ഉത്തരവ്.

**ഉത്തരവ്**

മേൽപരാമർശം (1) പ്രകാരം ദീർഘ കാലമായി പ്രവർത്തനം നിലച്ച പരപ്പപാറ ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി 262 (ഡി) ആപ്കോസ് തുറന്നു പ്രവർത്തിക്കുന്നത് സംബന്ധിച്ച് കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തുന്നതിന് മേലടി ഡയറി ഫാം ഇൻസ്ട്രക്ടറെ നിയമിച്ച് ഉത്തരവായിരുന്നു.

എന്നാൽ പരാമർശം (2) പ്രകാരം ലഭിച്ചിട്ടുള്ള സെക്ഷൻ 65 അന്വേഷണ റിപ്പോർട്ടിൽ സംഘം തുറന്നു പ്രവർത്തിക്കാൻ യാതൊരുവിധ സാദ്ധ്യതയും ഇല്ലാത്ത സാഹചര്യത്തിൽ സമാപ്തീകരിക്കുന്നതിന് ശുപാർശ ചെയ്തിരിക്കുന്നു.

ഈ സാഹചര്യത്തിൽ പരപ്പപാറ ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി 262 (ഡി) ആപ്കോസ് സമാപ്തീകരിക്കുന്നതിനായി ലിക്വിഡേറ്ററായി 1969 ലെ കേരള സഹകരണ നിയമം വകുപ്പ് 72 (1) പ്രകാരം വടകര ക്ഷീര വികസന ഓഫീസറെ നിയമിച്ച് ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ഈ ഉത്തരവ് ലഭിച്ചയുടൻ സംഘത്തിൻറെ സമാപ്തീകരണ ചുമതല ഏറ്റെടുക്കേണ്ടതും,നടപടികൾ പൂർത്തിയാക്കി എല്ലാ രേഖകളും ഈ ഓഫീസിന് കൈമാറേണ്ടതുമാണ്. ലിക്വിഡേറ്റർ ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ യഥാ സമയം അറിയിക്കേണ്ടതാണ്.

ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, (ഒപ്പ്)
കോഴിക്കോട്. ഡെപ്യൂട്ടി ഡയറക്ടർ,
കോഴിക്കോട്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.12.24 04:35:16 +05:30